# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

02/11/2025 മാർക്ക് - 50
10.30am - 12.30pm **STD - VI** സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10

1. ഈശോ തന്റെ മരണത്തെക്കുറിച്ച് എത്ര പ്രാവശ്യം പ്രവചിച്ചിരുന്നു?
2. 'ലൗദാത്തോ സി' എന്ന ചാക്രികലേഖനം എഴുതിയ മാർപാപ്പ ആര്?
3. ഈശോ കൂടെയുണ്ടെങ്കിൽ ജീവിതയാത്രയിൽ എന്തെല്ലാം ബുദ്ധിമുട്ടുകളുണ്ടായാലും നമ്മൾ തകർന്നുപോകുകയില്ല എന്ന് വ്യക്തമാക്കുന്ന അത്ഭുതം?
4. 'ഇവൻ പ്രവാചകൻ ആണെങ്കിൽ തന്നെ സ്പർശിക്കുന്ന സ്ത്രീ ആരെന്നും ഏതു തരക്കാരിയെന്നും അറിയുമായിരുന്നു.' ഇപ്രകാരം പറഞ്ഞതാര്?
5. അത്ഭുതങ്ങളിലൂടെയെല്ലാം ഈശോ എന്താണ് വെളിപ്പെടുത്തിയത്?
6. "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹായാണ്" എന്ന് പത്രോസ് ശ്ലീഹാ ഏറ്റുപറഞ്ഞത് ഏത് പ്രദേശത്തുവച്ച്?
7. "യാക്കോബിൽ നിന്നൊരു നക്ഷത്രം ഉദിക്കും. ഇസ്രായേലിൽ നിന്ന് ഒരു ചെങ്കോൽ ഉയരും" എന്ന് പ്രവചിച്ചത് ആര്?
8. നമ്മുടെ വിശ്വാസത്തിന്റെയും ജീവിതത്തിന്റെയും കേന്ദ്രം എന്ത്?
9. ആഗോളതാപനത്തെ നിയന്ത്രിച്ചു നിർത്താൻ ലളിതവും ഫലപ്രദവുമായ മാർഗ്ഗം എന്ത്?
10. സാബത്തിൽ സിനഗോഗിൽ പ്രവേശിച്ച ഈശോയ്ക്ക് വായിക്കുവാൻ നൽകപ്പെട്ട പുസ്തകം ആരുടെ?

| |
|---|
| ദൈവമഹത്ത്വം |
| കാരുണ്യം |
| കേസറിയാ ഫിലിപ്പി |
| അഞ്ച് |
| പരിശുദ്ധ ത്രിത്വ രഹസ്യം |
| ജോൺ പോൾ രണ്ടാമൻ പാപ്പ |
| ശിമയോൻ |
| ഏശയ്യാ |
| നിയമജ്ഞർ |
| മരങ്ങൾ വച്ചുപിടിപ്പിക്കുക |
| ഫ്രാൻസീസ് പാപ്പ |
| മൂന്ന് |
| ജറുസലേം |
| ബാലാം |
| കടലിനെ ശാന്തമാക്കുന്നു |

## B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക 3X2=6

11. മംഗളവാർത്തക്കാലത്തിലും, പിറവിക്കാലത്തിലും നാം അനുസ്മരിക്കുന്ന രക്ഷാകരസംഭവങ്ങൾ തരം തിരിച്ചെഴുതുക.

| | | |
|---|---|---|
| രക്ഷാകരമായ ഇടപെടലുകൾ | ഈശോയുടെ നാമകരണം | നസ്രത്തിലെ തിരുക്കുടുംബം |
| സഖറിയായ്ക്കുള്ള അറിയിപ്പ് | ഈശോയുടെ രഹസ്യജീവിതം | മറിയത്തിന്റെ സ്തോത്രഗീതം |

12. ദനഹാക്കാലത്ത് നമ്മൾ അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന രക്ഷാകരരഹസ്യങ്ങളാണ് ........., ........., .........., ........., ........ ദനഹാക്കാലത്തിലെ .............. സഭ വിശുദ്ധരുടെ തിരുനാളുകൾ ആഘോഷിക്കുന്നു.

## C. ചേരുംപടി ചേർക്കുക 1X5=5

| | | | |
|---|---|---|---|
| 13. | അനുതാപ ശുശ്രൂഷ | - | മംഗളവാർത്തക്കാലം |
| | സഹന ദാസൻ | - | കൂടെ വസിക്കൽ |
| | സൂബാറ | - | മോശ |
| | ഈശോയുടെ മരണം | - | പിറവിക്കാലം |
| | ഉപവാസം | - | വിഭൂതി ആചരണം |
| | | - | ഈശോ |
| | | - | രക്ഷയും പാപമോചനവും |

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

14. സുവിശേഷഭാഗ്യങ്ങൾ എത്ര? അതിൽ അഞ്ചാമത്തെ സുവിശേഷഭാഗ്യം എഴുതുക.

15. ഇടവക വൈദികരുടെ മധ്യസ്ഥൻ ആര്?

16. വചനം പൂർത്തിയാക്കുക. ജറെമിയാ 17:7, “കർത്താവിൽ ...........”

17. ‘ഈശോയിലാണെന്റെ പ്രത്യാശ’ എന്ന ആപ്തവാക്യത്തെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന ‘പ്രാവ്’ എന്തിനെ സൂചിപ്പിക്കുന്നു?

## E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക 1X5=5

18. പെസഹാവ്യാഴാഴ്ച എന്താണ് അനുസ്മരിക്കുന്നത്?

19. ഒലിവുമലയിൽ വച്ച് ഈശോ എന്താണ് പ്രാർത്ഥിച്ചത്?

20. നഷ്ടപ്പെട്ടുപോയ ആടിന്റെ ഉപമയിലൂടെ ഈശോ എന്താണ് നമുക്ക് വ്യക്തമാക്കിത്തരുന്നത്?

21. ആരെയാണ് ആത്മാവിൽ ദരിദ്രർ എന്ന് പറയുന്നത്?

22. ദുഃഖവെള്ളി ആചരണത്തിന്റെ ഭാഗങ്ങൾ ഏവ?

## F. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X1=5

23 പല മാരക രോഗങ്ങൾക്കും ആരോഗ്യ പ്രശ്നങ്ങൾക്കും ഒരു പ്രധാന കാരണമാണ് വിഷവസ്തുക്കൾ കലർന്ന ഭക്ഷണപദാർത്ഥങ്ങൾ. ആരോഗ്യകരമായ ഒരു ജീവിതം ലഭ്യമാക്കാൻ നമുക്ക് എന്തൊക്കെ ചെയ്യാനാകും എന്ന് ഉപപാഠപുസ്തകത്തിലെ ‘ശുദ്ധമായ ഭക്ഷണം’ എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

24. ഇന്റേണൽ അസസ്സ്മെന്റ് : 15
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# Semester 1 2025-2026
# STD VI

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക

1. **മൂന്ന് 7/47/2**
2. **ഫ്രാൻസീസ് പാപ്പ - ഉപപാഠം 1/4/3**
3. **കടലിനെ ശാന്തമാക്കുന്നു 5/36/2**
4. **ശിമയോൻ 6/42/1**
5. **ദൈവമഹത്ത്വം 5/37/3**
6. **കേസറിയാ ഫിലിപ്പി 7/47/3**
7. **ബാലാം 1/10/4**
8. **പരിശുദ്ധ ത്രിത്വരഹസ്യം 2/17/5**
9. **മരങ്ങൾ വച്ചുപിടിപ്പിക്കുക - ഉപപാഠം 2/7/2**
10. **ഏശയ്യാ 4/28/1**

## B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക

11. **1/13/box**

    **<u>മംഗളവാർത്തക്കാലം</u>**

    രക്ഷാകരമായ ഇടപെടലുകൾ

    സഖറിയായ്ക്കുള്ള അറിയിപ്പ്

    മറിയത്തിന്റെ സ്തോത്രഗീതം

    **<u>പിറവിക്കാലത്തിലും</u>**

    ഈശോയുടെ രഹസ്യജീവിതം

    ഈശോയുടെ നാമകരണം

    നസ്രത്തിലെ തിരുക്കുടുംബം

12. **2/18–19** പരിശുദ്ധ ത്രിത്വം, ഈശോയുടെ ദൈവപുത്രത്വം, ഈശോയുടെ ദൈവമനുഷ്യ സ്വഭാവങ്ങൾ, അവിടുത്തെ സ്വയംശൂന്യവത്കരണം, പരസ്യജീവിതം.

    വെള്ളിയാഴ്ചകളിൽ

## C. ചേരുംപടി ചേർക്കുക.

13. അനുതാപ ശുശ്രൂഷ - വിഭൂതി ആചരണം **3/25/2**

    സഹന ദാസൻ - ഈശോ **7/47/1**

    സൂബാറ - മംഗളവാർത്തക്കാലം **1/12/3**

    ഈശോയുടെ മരണം - രക്ഷയും പാപമോചനവും **8/54/2**

    ഉപവാസം - കൂടെ വസിക്കൽ **3/24/2**

## D. നമസ്കാരങ്ങൾ/ സത്യദീപം/ ബൈബിൾ/ ലോഗോ

14. സുവിശേഷഭാഗ്യങ്ങൾ 8, കരുണയുള്ളവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവരുടെമേൽ കരുണയുണ്ടാകും.
15. വി. ജോൺ മരിയ വിയാനി
16. ജറെമിയാ 17:7– "കർത്താവിൽ ആശ്രയിക്കുന്നവൻ അനുഗൃഹീതൻ; അവൻെറ പ്രത്യാശ അവിടുന്നുതന്നെ."
17. **പ്രാവ്:** യുദ്ധങ്ങളുടെയും അതിക്രമങ്ങളുടെയും ഈ ലോകത്ത് ഈശോയാണ് സമാധാനത്തിന്റെ ദൂതൻ. നമെല്ലാവരും സമാധാനത്തിന്റേയും സ്നേഹത്തിന്റേയും സന്ദേശവാഹകരാകണം.

## E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക

18. **3/25/3**

പെസഹാവ്യാഴാഴ്ച വിശുദ്ധ കുർബാനയുടെയും പൗരോഹിത്യത്തിന്റെയും സ്ഥാപനവും അന്നേ ദിവസം വൈകുന്നേരം ഈശോയുടെ പെസഹാഭക്ഷണത്തേയും അനുസ്മരിക്കുന്നു.

19. **8/51/1**

പിതാവേ, അങ്ങേക്കിഷ്ടമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് അകറ്റണമേ. എങ്കിലും, എന്റെ ഹിതമല്ല അവിടുത്തെ ഹിതം നിറവേറട്ടെ.

20. **6/41/2**

അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗത്തിലുണ്ടാകുന്ന സന്തോഷം വളരെ വലുതാണ്.

21. **4/29/2**

ഭൗതികതയിലും സമ്പത്തിലും ആശ്രയിക്കാതെ ദൈവത്തിന്റെ കരുണയിലും പരിപാലനയിലും പൂർണമായും ആശ്രയിക്കുന്നവരാണ് ആത്മാവിൽ ദരിദ്രർ.

22. **8/54/4**

പീഡാനുഭവവായന, കുരിശുവണക്കം, കയ്പുനീരു കുടിക്കൽ, കുരിശിന്റെ വഴി, പരിഹാരപ്രദക്ഷിണം.

## F. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക

23. **ഉപപാഠം 5** 'ശുദ്ധമായ ഭക്ഷണം'

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

**03/11/2024** **മാർക്ക് - 50**

**10.30 A.M. - 12.30 P.M.** **STD - VI** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക (ഏതെങ്കിലും 10 എണ്ണം) 1X10=10**

1. മനുഷ്യന്റെ സമഗ്ര വിമോചകൻ ആരെന്നാണ് വചനം പറയുന്നത്?
2. പ്രലോഭനങ്ങളെ അതിജീവിക്കാൻ നമ്മെ ശക്തരാക്കുന്നത് എന്ത്?
3. ഈശോയുടെ മരണം എന്താണ് നമുക്ക് നേടിത്തന്നത്?
4. വായു ശുദ്ധീകരിക്കുന്ന ജോലി ഏറ്റവും ഫലപ്രദമായി ചെയ്യാൻ കഴിവുള്ളതാർക്കാണ്?
5. പാശ്ചാത്യമിഷനറിമാർ മാർത്തോമ്മാനസ്രാണികളെ വിശേഷിപ്പിച്ചിരുന്നതെങ്ങനെ?
6. "വിശ്വസിച്ചാൽ നീ ദൈവമഹത്വം ദർശിക്കുമെന്ന് ഞാൻ നിന്നോട് പറഞ്ഞില്ലേ?" ആരോടാണ് ഈശോ ഇതു പറഞ്ഞത്?
7. മിശിഹാ എന്ന വാക്കിന്റെ അർത്ഥം എന്ത്?
8. ഈശോ തന്റെ മരണത്തെക്കുറിച്ച് എത്രപ്രാവശ്യം പ്രവചിച്ചിരുന്നു?
9. 'ഈ ഭൂമി നമ്മുടെയെല്ലാം പൊതു ഭവനമാണെന്ന്' ഏത് ചാക്രിക ലേഖനത്തിലൂടെയാണ് ഫ്രാൻസീസ് പാപ്പ പറഞ്ഞത്?
10. 'നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹായാണ്' എന്ന് ഏറ്റുപറഞ്ഞ ശ്ലീഹ ആര്?
11. 'എന്നെപ്രതി നിങ്ങൾ കരയേണ്ട. നിങ്ങളെയും നിങ്ങളുടെ മക്കളെയുംപ്രതി കരയുവിൻ.' ആരോടാണ് ഈശോ ഇപ്രകാരം പറഞ്ഞത്?
12. "യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും, അവൻ ഇമ്മാനുവേൽ എന്നു വിളിക്കപ്പെടും." എന്ന് പ്രവചിച്ചത് ആര്?

| |
|---|
| രക്ഷയും പാപമോചനവും |
| ഏശയ്യാ |
| അഭിഷേകം ചെയ്യപ്പെട്ടവൻ |
| യോഹന്നാൻ |
| മരങ്ങൾക്ക് |
| ലൗദാത്തോ സി |
| മനുഷ്യർക്ക് |
| ദൈവത്തിന്റെ വചനം |
| പത്രോസ് |
| മൂന്ന് |
| ജറുസലേം പുത്രിമാരോട് |
| മിശിഹാ |
| അഞ്ച് |
| നോമ്പിന്റെ സ്നേഹിതർ |
| മർത്തായോട് |

**B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക 3X2=6**

13. മനുഷ്യന്റെ സമഗ്ര വിമോചനത്തിനായി അഞ്ചുകാര്യങ്ങൾ ചെയ്തുകൊണ്ടാണ് ഈശോ ദൗത്യം നിറവേറ്റിയത്. അവ ക്രമത്തിൽ എഴുതുക.

| | | |
|---|---|---|
| ദരിദ്രർക്കു സുവിശേഷം | അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യം | അന്ധർക്കു കാഴ്ച |
| കർത്താവിന് സ്വീകാര്യമായ വത്സരം. | ബന്ധിതർക്ക് മോചനം | |

14. വിശുദ്ധ വാരത്തിലെ വിശുദ്ധ ദിവസങ്ങൾ ക്രമത്തിൽ പൂരിപ്പിക്കുക.
ഓശാന ഞായർ, ............., ..............., ...............

**C. ചേരുംപടി ചേർക്കുക** 1X5=5

| | | |
|---|---|---|
| 15. പിച്ചളസർപ്പം | - | കൂടെ വസിക്കൽ |
| ജനുവരി 6 | - | അറിയിപ്പ് |
| ഉപവാസം | - | മോശ |
| സൂബാറ | - | ദനഹാത്തിരുനാൾ |
| അത്ഭുതങ്ങൾ | - | സമർപ്പണം |
| | - | ഏശയ്യ |
| | - | ദൈവമഹത്വം |

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ** 1X4=4

16. പരിശുദ്ധ ജപമാലയിലെ സന്തോഷത്തിന്റെ രണ്ടാം രഹസ്യം എഴുതുക?

17. മാതാവിന്റെ പ്രത്യേക സംരക്ഷണത്തിന്റെ അടയാളമായ ഉത്തരീയം പരിശുദ്ധ അമ്മ ഏത് വിശുദ്ധനാണ് നൽകിയത്?

18. വചനം പൂർത്തിയാക്കുക. കൊളോസോസ് 4:2, "കൃതജ്ഞതാഭരിതരായി ..........."

19. 2024–2025 വിശ്വാസപരിശീലന വർഷ ആപ്തവാക്യം 'പ്രാർത്ഥനയിൽ വളരാം' എന്നാണല്ലോ. ഇതിനെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'പ്രകാശരശ്മികൾ' എന്തിനെ സൂചിപ്പിക്കുന്നു?

**E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക** 1X5=5

20. ഈശോയുടെ ജ്ഞാനസ്നാനം സൂചിപ്പിക്കുന്നത് എന്ത്?

21. പ്രലോഭകനായ പിശാചിനെ തോൽപ്പിക്കാൻ ഈശോയ്ക്ക് സാധിച്ചത് എന്തുകൊണ്ട്?

22. വി. പൗലോസ് ശ്ലീഹാ ദൈവരാജ്യത്തെക്കുറിച്ച് പഠിപ്പിക്കുന്നതെന്ത്?

23. ഈശോയുടെ ഒലിവുമലയിലെ പ്രാർത്ഥന എന്തായിരുന്നു?

24. പാപികളെ തേടിയെത്തുകയും പാപമോചനം നൽകി അനുഗ്രഹിക്കുകയും ചെയ്യുന്ന ഈശോ പാപികളോട് ആവശ്യപ്പെടുന്ന കാര്യം എന്ത്?

**F. ഏതെങ്കിലും ഒരു ചോദ്യത്തിന് ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** 5X1=5

25. ദൈവം നമുക്കായി സൃഷ്ടിച്ച ഈ പ്രകൃതി നാം തന്നെ വികൃതമാക്കുന്നു. വരും തലമുറയ്ക്ക് മെച്ചപ്പെട്ട ഒരു പരിസ്ഥിതി കൈമാറാൻ എടുക്കേണ്ട മുൻകരുതലുകൾ എന്തൊക്കെയെന്ന് 'ആഗോളതാപനം' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

**(അല്ലെങ്കിൽ)**

ഈശോ പാപികളെ തേടിവന്നവനാണെന്ന വസ്തുത ധൂർത്ത പുത്രന്റെയും, നഷ്ടപ്പെട്ടുപോയ ആടിന്റെയും, കാണാതായ നാണയത്തിന്റെയും ഉപമകളുടെ വെളിച്ചത്തിൽ വിവരിക്കുക.

26. ഇന്റേണൽ അസസ്സ്മെന്റ്: 15
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# STD - VI

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽ നിന്നും എടുത്തെഴുതുക (10 എണ്ണം)

1. മിശിഹാ (പാഠം 4, പേജ് 29, പാര 1)
2. ദൈവത്തിന്റെ വചനം (പാഠം 3, പേജ് 23, പാര 3)
3. രക്ഷയും പാപമോചനവും (പാഠം 8, പേജ് 54, പാര 2)
4. മരങ്ങൾക്ക് (ഉപപാഠം 2, പേജ് 9)
5. നോമ്പിന്റെ സ്നേഹിതർ (പാഠം 3, പേജ് 24, പാര 1)
6. മർത്തായോട് (പാഠം 5, പേജ് 37 പാര 2)
7. അഭിഷേകം ചെയ്യപ്പെട്ടവൻ (പാഠം 2, പേജ് 17, പാര 4)
8. മൂന്ന് (പാഠം 7, പേജ് 47, പാര 2)
9. ലൗദാത്തോ സി (ഉപപാഠം 1, പേജ് 4, പാര 3)
10. പത്രോസ് ശ്ലീഹ (പാഠം 7, പേജ് 47, പാര 3)
11. ജറുസലേം പുത്രിമാരോട് (പാഠം 8, പേജ് 53, പാര 2)
12. ഏശയ്യാ 7:14 (പാഠം 1, പേജ് 10, പാര 4)

## B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക

13. ദരിദ്രർക്കു സുവിശേഷം, ബന്ധിതർക്ക് മോചനം, അന്ധർക്കു കാഴ്ച, അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യം, കർത്താവിന് സ്വീകാര്യമായ വത്സരം, (പാഠം 4, പേജ് 29-31)

14. വിശുദ്ധ വാരത്തിലെ വിശുദ്ധ ദിവസങ്ങൾ ക്രമത്തിൽ പൂരിപ്പിക്കുക. (പാഠം 3, പേജ് 25,26)

ഓശാന ഞായർ, ......, ......, .......

## C. യോജിച്ച ഉത്തരം തെരഞ്ഞെടുത്ത് ചേരുംപടി ചേർക്കുക

15.

| | |
|---|---|
| 1. പിച്ചളസർപ്പം | - മോശ (പാഠം 7, പേജ് 48, പാര 3) |
| 2. ജനുവരി 6 | - ദനഹാത്തിരുനാൾ (പാഠം 2, പേജ് 18, പാര 3) |
| 3. ഉപവാസം | - കൂടെ വസിക്കൽ (പാഠം 3, പേജ് 24, പാര 2) |
| 4. സൂബാറ | - അറിയിപ്പ് (പാഠം 1, പേജ് 12, പാര Last) |
| 5. അത്ഭുതങ്ങൾ | - ദൈവമഹത്വം (പാഠം 5, പേജ് 37, പാര 3) |
| | - സമർപ്പണം |
| | - ഏശയ്യ |

## D. നമസ്ക്കാരം, സത്യദീപം, ബൈബിൾ, ലോഗോ

16. പരിശുദ്ധ ജപമാലയിലെ സന്തോഷത്തിന്റെ രണ്ടാം രഹസ്യം
17. വി. സൈമൺ സ്റ്റോക്ക് (സത്യദീപം, ജൂലൈ 10, പേജ് 09)
18. കൊളോസോസ് 4:2 (സെപ്റ്റംബർ 29, വചനദീപം പേജ് 26)
19. പ്രകാശരശ്മികൾ (വചനദീപം, പേജ് 10)

**E. ഒറ്റവാക്യത്തിൽ ഉത്തരം എഴുതുക**

20. പാഠം 2, പേജ് 17, പാര 2
21. പാഠം 3, പേജ് 23, പാര 2
22. പാഠം 4, പേജ് 32, പാര 2
23. പാഠം 8, പേജ് 51, പാര 1
24. പാഠം 6, പേജ് 43, പാര 3

**F. ഒരു പേജിൽ കുറയാതെ ഉത്തരം എഴുതുക**

25. ഉപപാഠം 2 'ആഗോളതാപനം'

or

പാഠം 6 'പാപികളെ തേടിവന്ന ഈശോ' പേജ് 40-42 : ധൂർത്ത പുത്രന്റെയും, നഷ്ടപ്പെട്ടുപോയ ആടിന്റെയും, കാണാതായ നാണയത്തിന്റെയും ഉപമ

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

**08/10/2023** — മാർക്ക് - 50

**10.30 A.M. - 12.30 P.M.** — **STD - VI** — സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ഏറ്റവും ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും കണ്ടെത്തി എഴുതുക 1X10=10

1. ദനഹാക്കാലത്തെ വെള്ളിയാഴ്ചകളിൽ സഭ ആഘോഷിക്കുന്ന തിരുനാൾ
2. ഇസ്രായേൽജനം പ്രാർത്ഥനാപൂർവ്വം കാത്തിരുന്നത് ആരെ?
3. ഈശോ കൂടെയുണ്ടെങ്കിൽ ജീവിതയാത്രയിൽ ബുദ്ധിമുട്ടുകളുണ്ടായാലും നമ്മൾ തളർന്നുപോകുകയില്ല എന്നു വ്യക്തമാക്കുന്ന അത്ഭുതം
4. ഈശോയുടെ മാമ്മോദീസാവേളയിൽ വെളിവാക്കപ്പെട്ട രഹസ്യം
5. അനുതപിക്കുന്ന പാപികളോട് ദൈവം കാണിക്കുന്ന കാരുണ്യം പ്രകടമാക്കുന്ന ഉപമ
6. ഈശോ അറിയിച്ച ദൈവരാജ്യത്തിന്റെ സവിശേഷതകൾ നമുക്കു വ്യക്തമാകുന്നതെങ്ങനെ?
7. "അന്ധകാരത്തിൽ സ്ഥിതിചെയ്തിരുന്ന ജനങ്ങൾ വലിയ പ്രകാശം കണ്ടു" എന്ന ഏശയ്യാ പ്രവാചകന്റെ വാക്കുകൾ ഈശോയിൽ നിറവേറിയതായി സാക്ഷ്യപ്പെടുത്തിയ ശ്ലീഹാ ആര്?
8. ദൈവത്തെ പിതാവായും മനുഷ്യവംശത്തെ മുഴുവൻ സഹോദരങ്ങളായും കണ്ട് സ്നേഹിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുന്ന അവസ്ഥ
9. പാപത്തിന്റെ ദംശനമേറ്റ് നിത്യനാശമടയുന്നവർക്കു രക്ഷയേകാൻ ഈശോ എന്തുചെയ്തു?
10. നിത്യസൗഭാഗ്യത്തിലെത്തിച്ചേരാനുള്ള വഴികാട്ടിയായി ദൈവം മനുഷ്യന് നൽകിയത് എന്ത്?

| |
|---|
| കടലിനെ ശാന്തമാക്കുന്നു |
| രക്ഷകനെ |
| നിയമം |
| ദൈവരാജ്യം |
| ദുക്റാന തിരുനാൾ |
| വിശുദ്ധരുടെ തിരുനാൾ |
| പരിശുദ്ധാത്മാവിന്റെ |
| ധൂർത്തപുത്രന്റെ |
| കുരിശിൽ ഉയർത്തപ്പെട്ടു |
| സ്വാതന്ത്ര്യം |
| മത്തായി ശ്ലീഹാ |
| യാക്കോബ് ശ്ലീഹാ |
| പരിശുദ്ധ ത്രിത്വത്തിന്റെ |
| സുവിശേഷങ്ങൾ വായിക്കുമ്പോൾ |

## B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക 3X2=6

11. മരുഭൂമിയിലെ പരീക്ഷയിൽ ഈശോയുടെ മറുപടികൾ ക്രമത്തിൽ എഴുതുക.

| |
|---|
| നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത് എന്നുകൂടി എഴുതപ്പെട്ടിരിക്കുന്നു. |
| മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ നാവിൽനിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് ജീവിക്കുന്നത്. |
| നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കണം. അവിടുത്തെ മാത്രമെ പൂജിക്കാവൂ. |

12. സീറോ-മലബാർ സഭയിലെ പിറവിക്കാലത്തിലെ രക്ഷാകരസംഭവങ്ങൾ ക്രമത്തിൽ എഴുതി പൂരിപ്പിക്കുക.
ഈശോയുടെ ജനനം, ...............

**C. യോജിച്ച ഉത്തരം തെരഞ്ഞെടുത്ത് ചേരുംപടി ചേർക്കുക** **5X1=5**

13.

| | |
|---|---|
| ഈശോയുടെ മാമ്മോദീസ | - ദൈവമഹത്വം |
| ഈശോയുടെ ഉയിർപ്പ് | - നോമ്പുകാലം |
| പൗരോഹിത്യ സ്ഥാപനം | - ഈശോ |
| അത്ഭുതം | - ഞായറാഴ്ച |
| സഹന ദാസൻ | - വി. കുർബാന |
| | - പെസഹാ വ്യാഴം |
| | - ദനഹ |

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ** **1X4=4**

14. പരി. ജപമാലയിലെ സന്തോഷത്തിന്റെ 4-ാം രഹസ്യം എഴുതുക.
15. 'ഓർമ്മ' എന്ന് അർത്ഥം വരുന്ന സുറിയാനി പദം ഏത്?
16. തിരുവചനം എഴുതുക. സങ്കീർത്തനം 34:8 "കർത്താവ് ..........."
17. 2023-2024 വിശ്വാസപരിശീലന വർഷത്തിന്റെ ആപ്തവാക്യം 'നന്മയിൽ വളരാം' എന്നാണല്ലോ. ഇതിനെ ആസ്പദമാക്കിയുള്ള ഈ വർഷത്തെ ലോഗോയിൽ കാണുന്ന 'പ്രാവ്, ഏഴ് പ്രകാശരശ്മികൾ' എന്തിനെ സൂചിപ്പിക്കുന്നു.

**E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക** **1X5=5**

18. പിച്ചള സർപ്പത്തിന്റെ പ്രതിരൂപം ഈശോയിൽ അന്വർത്ഥമായതെങ്ങനെ?
19. കുട്ടികൾക്കു ചെയ്യാവുന്ന ജീവകാരുണ്യപ്രവർത്തനങ്ങൾ ഏവ?
20. നഷ്ടപ്പെട്ടുപോയ ആടിന്റെ ഉപമയിലെ സന്ദേശമെന്ത്?
21. സീറോ-മലബാർ സഭയുടെ വിശുദ്ധ കുർബാനയിൽ കാർമ്മികൻ രണ്ടു പ്രാവശ്യം ആശീർവ്വദിച്ച് ആശംസിക്കുന്ന പ്രാർത്ഥന എഴുതുക.
22. കാനായിൽ അത്ഭുതം ചെയ്യാൻ ഈശോയെ പ്രേരിപ്പിച്ചതെന്ത്?

**F. ഏതെങ്കിലും ഒരു ചോദ്യത്തിന് ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X1=5**
(ചോദ്യം മനസ്സിലാക്കിയവിധത്തിൽ നിങ്ങളുടേതായ ഭാഷയിൽ എഴുതിയാൽ മതിയാകും)

23. ദൈവരാജ്യത്തിന്റെ സുവിശേഷം ഈശോ അറിയിച്ചത് എങ്ങനെ? നാലാം പാഠത്തെ അടിസ്ഥാനമാക്കി വിവരിക്കുക.

**(അല്ലെങ്കിൽ)**

24. നിങ്ങൾ ഏതെങ്കിലും ക്രിസ്തീയ ഭക്തസംഘടനയിലെ അംഗമാണോ? ഈ ഭക്തസംഘടനയിൽ അംഗമാകേണ്ട ആവശ്യകതയെന്ത്?

25. ഇന്റേണൽ അസസ്സ്മെന്റ്: 15
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

**02/10/2022** | **മാർക്ക് – 50**

**10.30 A.M. - 12.30 P.M.** **STD - VI** **സമയം – 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** **1X5=5**

1. "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹായാണ്" എന്ന് ഏറ്റു പറഞ്ഞ ശ്ലീഹാ ആര്?

   1. വി. യോഹന്നാൻ 2. വി. തോമസ് 3. വി. പത്രോസ്

2. ഈശോയുടെ മാമ്മോദീസയെ അനുസ്മരിക്കുന്ന തിരുനാൾ ഏത്?

   1. ദനഹാത്തിരുനാൾ 2. പെസഹാത്തിരുനാൾ 3. പിറവിത്തിരുനാൾ

3. ഈശോയുടെ മരണം നമുക്ക് നേടിത്തന്നത് എന്ത്?

   1. പ്രത്യാശയും, സമാധാനവും 2. ദത്തുപുത്രസ്ഥാനം

   3. രക്ഷയും, പാപമോചനവും

4. ഈശോ തന്റെ മരണത്തെക്കുറിച്ച് എത്ര പ്രാവശ്യം പ്രവചിച്ചിരുന്നു?

   1. രണ്ട് 2. മൂന്ന് 3. നാല്

5. "മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ ശബ്ദം – കർത്താവിന്റെ വഴിയൊരുക്കുവിൻ. അവന്റെ പാതകൾ നേരെയാക്കുവിൻ" എന്ന് ആരെപ്പറ്റിയാണ് ഏശയ്യാ പ്രവാചകൻ അരുളിച്ചെയ്തത്?

   1. സ്നാപകയോഹന്നാൻ 2. ഈശോ 3. വി. യോഹന്നാൻ

**B. പൂരിപ്പിക്കുക** **1X5=5**

6. പാശ്ചാത്യമിഷനറിമാർ മാർത്തോമ്മാനസ്രാണികളെ ------ എന്നാണ് വിശേഷിപ്പിച്ചിരുന്നത്.
7. 'മറിയം' എന്ന സുറിയാനി നാമത്തിന്റെ അർത്ഥം -------- എന്നാണ്.
8. നമ്മുടെ വിശ്വാസത്തിന്റെയും ജീവിതത്തിന്റെയും കേന്ദ്രമാണ് -----.
9. 'ഉപവാസം' എന്നാൽ -------- എന്നാണ് അർത്ഥം.
10. "ദൈവരാജ്യമെന്നാൽ ഭക്ഷണവും പാനീയവുമല്ല; പ്രത്യുത, നീതിയും സമാധാനവും ------- സന്തോഷവുമാണ്". (റോമ. 14:17)

**C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക** **2X6=12**

11. മംഗളവാർത്തക്കാലത്ത് നാം അനുസ്മരിക്കുന്ന ഏതെങ്കിലും നാല് രക്ഷാകര സംഭവങ്ങൾ എഴുതുക.

12. 2022-2023 വിശ്വാസപരിശീലനവർഷത്തിന്റെ ആപ്തവാക്യം 'ഒപ്പം നടക്കാം' എന്നാണല്ലോ. ഇതിനെ ആസ്പദമാക്കിയുള്ള ഈ വർഷത്തെ ലോഗോയിൽ കാണുന്ന 'വെളുത്ത പ്രാവ്' എന്തിനെ സൂചിപ്പിക്കുന്നു? വിശദമാക്കുക.

13. ധൂർത്തപുത്രന്റെ ഉപമയിലൂടെ ഈശോ വെളിവാക്കിത്തരുന്നത് എന്ത്?

14. തിരുസഭയുടെ കല്പനകളിൽ ആദ്യത്തെ മൂന്നെണ്ണം എഴുതുക.

15. ദനഹാക്കാലത്തിലെ വെള്ളിയാഴ്ചകളിൽ സഭ വിശുദ്ധരുടെ തിരുനാളുകൾ ആഘോഷിക്കുന്നു. എന്തുകൊണ്ട്?

16. നോമ്പുകാലം നമുക്കു നൽകുന്ന ആഹ്വാനം എന്ത്?

**D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു ഖണ്ഡിക (പാരഗ്രാഫ്) വീതം എഴുതുക 4x2=8**

17. മനുഷ്യന്റെ സമഗ്രവിമോചനത്തിനായി പ്രധാനമായും അഞ്ച് കാര്യങ്ങൾ ചെയ്തുകൊണ്ടാണ് ഈശോ തന്റെ ദൗത്യം നിറവേറ്റിയത്. ആ അഞ്ചുകാര്യങ്ങൾ ഏതെല്ലാം? വിവരിക്കുക.

18. ദൈവപിതാവിനാൽ നിയുക്തനായ സഹനദാസനാണ് താൻ എന്ന ബോധ്യം ഈശോയ്ക്ക് ഉണ്ടായിരുന്നുവെന്ന് എങ്ങനെ മനസ്സിലാക്കാം?

19. ഈശോ തന്റെ പരസ്യജീവിതം ആരംഭിക്കുന്നതിനൊരുക്കമായി മരുഭൂമിയിൽ നാൽപ്പതുദിവസം ഉപവസിച്ചു പ്രാർത്ഥിച്ചു. അപ്പോൾ ഈശോയ്ക്ക് വിശന്നു. ആ അവസരംനോക്കി പ്രലോഭകൻ ഏതെല്ലാം പ്രലോഭനങ്ങളുമായിട്ടാണ് ഈശോയെ സമീപിച്ചത്? ഈശോ അതിനെ എങ്ങനെയാണ് പരാജയപ്പെടുത്തിയത്? വിവരിക്കുക.

**E. രണ്ട് ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X1=5**

20. സകല ലോകത്തിന്റെയും രക്ഷകനാണ് ഈശോ. പാഠഭാഗങ്ങളുടെ അടിസ്ഥാനത്തിൽ വിവരിക്കുക.

21. ദൈവത്തിന്റെ മക്കൾ എന്ന രീതിയിൽ ദൈവത്തിന്റെ ആലയത്തിൽ വ്യാപരിക്കേണ്ടത് എങ്ങനെയെല്ലാം? പരിശുദ്ധ കുർബാന അനുഭവവേദ്യമാകണമെങ്കിൽ നമ്മൾ ഏതെല്ലാം വിധത്തിൽ കുർബാനയിൽ സജീവമായി പങ്കെടുക്കണം?

22. ഇന്റേണൽ അസസ്സ്മെന്റ്: 15
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# STD VI

## A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. വി. പത്രോസ് (പാഠം 7, പേജ് 47, പാര. 3)
2. ദനഹാത്തിരുനാൾ (പാഠം 2, പേജ് 18, പാര. 4)
3. രക്ഷയും പാപമോചനവും (പാഠം 8, പേജ് 54)
4. മൂന്ന് (പാഠം 7, പേജ് 47, പാര. 2)
5. സ്നാപകയോഹന്നാൻ (മത്തായി 3:3) (ബൈബിൾ)

## B. പൂരിപ്പിക്കുക

6. നോമ്പിന്റെ സ്നേഹിതർ (പാഠം 3, പേജ് 24, പാര. 2)
7. ഉന്നതം, ശ്രേഷ്ഠം (സത്യദീപം ആഗസ്റ്റ് 31 പേജ് 1)
8. പരിശുദ്ധ ത്രിത്വരഹസ്യം (പാഠം 2, പേജ് 17, പാര. 5)
9. കൂടെ വസിക്കൽ (പാഠം 3, പേജ് 24)
10. പരിശുദ്ധാത്മാവിലുള്ള (പാഠം 4, പേജ് 32, പാര. 3)

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക

11. പാഠം 1, പേജ് 13, പാര. 2
12. ലോഗോ
13. പാഠം 6, പേജ് 41, പാര. 2
14. നമസ്കാരങ്ങൾ 10
15. പാഠം 2, പേജ് 19, പാര. 2
16. പാഠം 3, പേജ് 25, പാര. 3

## D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു ഖണ്ഡിക (പാരഗ്രാഫ്) വീതം എഴുതുക

17. പാഠം 4, പേജ് 29-31
18. പാഠം 7, പേജ് 47
19. പാഠം 3, പേജ് 22-23

## E. രണ്ട് ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക.

20. 1-8 വരെയുള്ള പാഠഭാഗങ്ങളുടെ പ്രധാന തലക്കെട്ടുകൾ ഉൾപ്പെടുത്തിയാണ് ഉത്തരം എഴുതേണ്ടത്

21.